പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4139

20.03.2018 ൽ മറുപടിയ്ക്ക്

## ബാലസൗഹൃദ പഞ്ചായത്തുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള: | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) 'ബാലസൗഹൃദ പഞ്ചായത്തുകൾ' പദ്ധതി വിശദീകരിക്കാമോ; | എ) 1989 ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച കുട്ടികൾക്കായുള്ള അവകാശ പത്രിക യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കുട്ടി കളുടെ അവകാശ ശ്രേണികളിൽപ്പെട്ട അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ നാല് അവകാശങ്ങൾ പ്രദേശത്തെ എല്ലാ കുട്ടികൾക്കും ഉറപ്പാ ക്കപ്പെടുന്ന പ്രാദേശികഭരണ സമീപന മാണ് ബാലസൗഹൃദ പഞ്ചായത്ത് പദ്ധതി. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ബാലസൗഹൃദ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശീലന സഹായി (പ്രവർ ത്തന സഹായി, മാർഗ്ഗനിർദ്ദേശം) കില പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് എത്ര പഞ്ചായ ത്തുകളെ ബാലസൗഹൃദ പഞ്ചായത്തുകളായി പ്രഖ്യാപിച്ചി ട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കു കൾ വിശദീകരിക്കുമോ; | ബി) ഒരു പഞ്ചായത്തിനെയും ഇതുവരെ അത്തരത്തിൽ ബാലസൗഹൃദ പഞ്ചായ ത്തായി പ്രഖ്യാപിച്ചിട്ടില്ല. |
| സി) പദ്ധതി നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി തെര ഞ്ഞെടുത്തിട്ടുള്ളത് ഏതൊക്കെ സ്ഥാപനങ്ങളെയാണ്; | സി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിശീലന ചുമതലയുള്ള 'കില'യെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടു ത്തിട്ടുള്ളത്. |

| | |
|---|---|
| ഡി) നോഡൽ ഏജൻസി വഴി നടപ്പാക്കുന്ന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; അവ കൈവരിക്കുന്നതിൽ പദ്ധതി വിജയകരമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | ഡി) ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തന സഹായിയിൽ നാല് അദ്ധ്യായങ്ങളിലായി 22 കുട്ടികളുടെ വികസന മേഖലകളിൽ 55 ലക്ഷ്യങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇത് സംസ്ഥാനത്തിനാകെ ബാധകമായിട്ടുള്ള ലക്ഷ്യങ്ങളാണ്. ഇവയിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും അവരുടെ പ്രദേശത്ത് ഏറ്റവും കൂടുതൽ മുൻഗണന നൽകേണ്ടത് എന്ന് ബോധ്യപ്പെടുന്ന 20 ലക്ഷ്യങ്ങളാണ് ഓരോ പഞ്ചായത്തും തങ്ങളുടെ ബാലസൗഹൃദ ലക്ഷ്യങ്ങളായി തെരഞ്ഞെടുക്കുന്നത്. കില തയ്യാറാക്കിയിട്ടുള്ള പ്രവർത്തന സഹായിയിൽ ബാലസൗഹൃദ തദ്ദേശ ഭരണ നിലവാര നിർണ്ണയ ഭൂമിക (ASSESSMENT MATRIX) നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം ഓരോ പഞ്ചായത്തിലെയും പദ്ധതിയുടെ പുരോഗതിയും വിജയവും സ്വയം നിർണ്ണയിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ